REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 21-04-2025 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- **ഇന്ന് സിവിൽ സർവീസ് ദിനം. പ്രധാനമന്ത്രി നരേന്ദ്രമോദി ന്യൂഡൽഹിയിൽ സിവിൽ സർവീസ് ഉദ്യോഗസ്ഥരെ അഭിസംബോധന ചെയ്യും.**
- **അമേരിക്കൻ വൈസ് പ്രസിഡണ്ട് J.D വാൻസ് നാലു ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിന് രാവിലെ ഡൽഹിയിലെത്തും.**
- **സംസ്ഥാന ഗവൺമെന്റിന്റെ നാലാം വാർഷികാഘോഷം രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ കാസർകോട് കാലിക്കടവ് മൈതാനത്ത് ഉദ്ഘാടനം ചെയ്യും.**
- **BJP യുടെ വികസിത കേരളം കൺവൻഷനുകൾക്കും ജില്ലാ നേതൃയോഗങ്ങൾക്കും ഇന്ന് തുടക്കമാകും. ആദ്യപരിപാടി തൃശൂരിൽ.**
- **സൂപ്പർകപ്പ് ഫുട്ബോൾ ഉദ്ഘാടന മത്സരത്തിൽ കേരളാ ബ്ലാസ്റ്റേഴ്സ് ഈസ്റ്റ് ബംഗാളിനെ അട്ടിമറിച്ചു.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ന്യൂഡൽഹിയിൽ സിവിൽ സർവീസ് ഉദ്യോഗസ്ഥരെ അഭിസംബോധന ചെയ്യും. 17-ാമത് സിവിൽ സർവീസ് ദിനത്തിൽ പൊതുഭരണത്തിലെ മികവിന് ഏർപ്പെടുത്തിയ പ്രധാനമന്ത്രിയുടെ പുരസ്കാരങ്ങളും അദ്ദേഹം വിതരണം ചെയ്യും.

ഡെസ്ക്ക് റിപ്പോർട്ട്.

....(വോയ്സ്)...

ജില്ലകളുടെ സർവ്വോന്മുഖ വികസനം, അഭിലാഷജില്ലാ പരിപാടിയിലെ കാര്യക്ഷമത എന്നിവ മുൻനിർത്തി 14 അവാർഡുകളാണ് ഇത്തവണ സമ്മാനിക്കുന്നത്. പൗരന്മാർക്കു വേണ്ടി പുനരർപ്പണം ചെയ്യാൻ സിവിൽ സർവീസ് ഉദ്യോഗസ്ഥരെ പ്രേരിപ്പിക്കുകയാണ് ദിനാചരണത്തിന്റെ ലക്ഷ്യം. ജനങ്ങളോട് പുലർത്തേണ്ട പ്രതിബദ്ധത ഉറപ്പിക്കാനും, ജനകീയ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാനും പ്രധാനമന്ത്രി ആഹ്വാനം ചെയ്യും.

1947 ൽ സർദാർ വല്ലാഭായ് പട്ടേൽ ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീസ് സർവീസ് ഓഫീസർ പ്രൊബേഷണർമാരെ അഭിസംബോധന ചെയ്ത ദിവസത്തിന്റെ ഓർമ്മപ്പെടുത്തലാണ് സിവിൽസർവീസ് ദിനം.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി നാളെയും മറ്റന്നാളും സൗദി അറേബ്യ സന്ദർശിക്കും. പ്രധാനമന്ത്രിയുടെ മൂന്നാം സൗദി സന്ദർശനമാണിത്. നാളെ പ്രധാനമന്ത്രി ജിദ്ദയിലെത്തും. നാല് പതിറ്റാണ്ടിനു ശേഷം സൗദി അറേബ്യയുടെ വാണിജ്യ കേന്ദ്രമായ ജിദ്ദയിലേക്ക് ഒരു ഇന്ത്യൻ പ്രധാനമന്ത്രി നടത്തുന്ന ആദ്യ സന്ദർശനമാണിത്. മോദിയുടെ സന്ദർശനം ഇന്ത്യ -സൗദി അറേബ്യ ഉഭയകക്ഷി ബന്ധം കൂടുതൽ ശക്തിപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു.

✪✪✪

അമേരിക്കൻ വൈസ് പ്രസിഡണ്ട് J.D വാൻസ് നാലു ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിന് രാവിലെ ഡൽഹിയിലെത്തും. അദ്ദേഹത്തിന്റെ പത്നി ഉഷാവാൻസും കുടുംബവും US ഗവൺമെന്റിലെ മുതിർന്ന ഉദ്യോഗസ്ഥരും വാൻസിനോടൊപ്പമുണ്ടായിരിക്കും. വൈകിട്ട് പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തും. ഇരുരാജ്യങ്ങൾക്കുമിടയിലെ ബന്ധങ്ങൾ കൂടുതൽ ദൃഢമാക്കാനാവശ്യമായ നടപടികൾ ഇരുനേതാക്കളും ചർച്ച ചെയ്യും. സന്ദർശനത്തിനിടയിൽ ജയ്പൂരും ആഗ്രയും സംഘം സന്ദർശിയ്ക്കും.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ നാലാം വാർഷികാഘോഷം രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ കാസർകോട് കാലിക്കടവ് മൈതാനത്ത് ഉദ്ഘാടനം ചെയ്യും. എന്റെ കേരളം പ്രദർശന- വിപണന മേളയുടെ സംസ്ഥാനതല ഉദ്ഘാടനവും മുഖ്യമന്ത്രി നിർവഹിക്കും.

കൂടുതൽ വിവരങ്ങളുമായി കാസർകോട് പ്രതിനിധി P. ജഗന്നിവാസൻ.

..........(വോയ്സ്).............

✪✪✪

രണ്ടാം പിണറായി ഗവൺമെന്റിന്റെ നാലാം വാർഷികാഘോഷങ്ങളുടെ ഭാഗമായി വൈകിട്ട് കാഞ്ഞങ്ങാട്ട് LDF കാസർകോട് ജില്ലാ കമ്മിറ്റി ബഹുജനറാലി സംഘടിപ്പിക്കും. റാലി മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനംചെയ്യും.

✪✪✪

BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ പങ്കെടുക്കുന്ന വികസിത കേരളം കൺവെൻഷനുകൾക്കും ജില്ലാ നേതൃയോഗങ്ങൾക്കും ഇന്ന് തൃശൂരിൽ തുടക്കമാവും. അടുത്ത മാസം 10 വരെ 30 സംഘടനാ ജില്ലകളിലും രാജീവ് ചന്ദ്രശേഖർ പ്രവർത്തകരെ അഭിസംബോധന ചെയ്യും.

ജില്ലകളിലെ വികസിത കേരളം കൺവൻഷനിൽ BJP യുടെ ''മിഷൻ 2025'' അദ്ദേഹം അവതരിപ്പിക്കും. BJP സംസ്ഥാന പ്രസിഡന്റായി ചുമതലയേറ്റ ശേഷം രാജീവ് ചന്ദ്രശേഖറിന്റെ ആദ്യ സംസ്ഥാന തല പര്യടനം കൂടിയാണിത്.

ഇന്ന് രാവിലെ തൃശൂർ സിറ്റി ജില്ലയുടെയും, ഉച്ചകഴിഞ്ഞ് തൃശൂർ സൗത്ത് ജില്ലയുടെയും കൺവൻഷനുകളും സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

ഭക്തജനങ്ങൾക്ക് കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിനൊപ്പം ചരിത്രപരമായ പ്രാധാന്യം ബോധ്യപ്പെടുത്താൻ കൂടിയാണ് തീർത്ഥാടന ടൂറിസം പദ്ധതികളിലൂടെ ഗവൺമെന്റ് ലക്ഷ്യമിടുന്നതെന്ന് മന്ത്രി P.A മുഹമ്മദ് റിയാസ് പറഞ്ഞു. തീർത്ഥാടന ടൂറിസം വികസനത്തിന്റെ ഭാഗമായി ഫറോക്ക് പള്ളിത്തറ ശ്രീകുറുംബ ഭഗവതി ക്ഷേത്രത്തിൽ പൂർത്തീകരിച്ച പ്രവൃത്തികൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കോഴിക്കോട് ജില്ലയിൽ ഇതിനകം വടകര ലോകനാർകാവ്, മാലിക് ബിൻ ദീനാർ മസ്ജിദ്, നല്ലൂർ ശിവക്ഷേത്രം, തളി ക്ഷേത്രം, പുതിയമ്പലം ശ്രീകണ്ഠേശ്വര ക്ഷേത്രം, CSI ചർച്ച്, കുറ്റിച്ചിറ മിഷ്കാൽ പള്ളി, പട്ടാള പള്ളി തുടങ്ങിയവ തീർത്ഥാടന പൈതൃക ടൂറിസം വികസന പദ്ധതിയുടെ ഭാഗമായിട്ടുണ്ട്. പഴമയുടെ തനിമ ചോരാത്ത വികസന പ്രവൃത്തികൾക്കാണ് ഇത്തരം കേന്ദ്രങ്ങളിൽ ശ്രദ്ധ ചെലുത്തുന്നതെന്നും മന്ത്രി അറിയിച്ചു.

✪✪✪

സൂപ്പർകപ്പ് ഫുട്ബോൾ ഉദ്ഘാടന മത്സരത്തിൽ കേരളാ ബ്ലാസ്റ്റേഴ്സ് നിലവിൽ ചാമ്പ്യൻമാരായ ഈസ്റ്റ് ബംഗാളിനെ അട്ടിമറിച്ചു. മറുപടിയില്ലാത്ത രണ്ട്

ഗോളിനാണ് ബ്ലാസ്റ്റേഴ്സിന്റെ വിജയം. ഭുവനേശ്വറിലെ കലിംഗ സ്റ്റേഡിയത്തിൽ, ജീസസ് ജിമിനസും, നോഹ സദോയിയുമാണ് ബ്ലാസ്റ്റേഴ്സിന്റെ വിജയശിൽപികൾ. തോൽവിയോടെ ഈസ്റ്റ് ബംഗാൾ ടൂർണമെന്റിൽ നിന്ന് പുറത്തായി.

ക്വാർട്ടർ ഫൈനലിൽ ഈ മാസം 26 ന് ISL ജേതാക്കളായ മോഹൻ ബഗാനാണ് ബ്ലാസ്റ്റേഴ്സിന്റെ എതിരാളികൾ.

ഇന്ന് വൈകിട്ട് ഗോകുലം കേരള, ഗോവയെ നേരിടും. I ലീഗിൽ പങ്കെടുത്ത ടീം തന്നെയായിരിക്കും സൂപ്പർകപ്പിലും പങ്കെടുക്കുന്നത്.

✪✪✪

ഫെഡറേഷൻ കപ്പ് സീനിയർ ദേശീയ അത്‌ലറ്റിക്സ് മത്സരങ്ങൾ എറണാകുളം മഹാരാജാസ് കോളേജ് സിന്തറ്റിക് ട്രാക്കിൽ തുടങ്ങി. ദക്ഷിണകൊറിയൻ ഏഷ്യൻ അത്‌ലറ്റിക്സിന്റെ അവസാന യോഗ്യതാ മത്സരം കൂടിയാണിത്.

നാല് ദിവസത്തെ മീറ്റിൽ 38 ഇനങ്ങളിലാണ് മത്സരം. ആദ്യ ദിവസം എട്ട് ഇനങ്ങളിലെ മെഡൽ ജേതാക്കളെ നിർണയിക്കും. വേഗക്കാരെ കണ്ടെത്തുന്ന 100 മീറ്റർ ഫൈനലും ഇന്നാണ്. രാവിലെ പുരുഷവിഭാഗം 10,000 മീറ്ററോടെ മത്സരങ്ങൾക്ക് തുടക്കമായി.

✪✪✪

IPL ക്രിക്കറ്റിൽ മുംബൈ ഇന്ത്യൻസിനും റോയൽ ചലഞ്ചേഴ്സ് ബംഗളുരുവിനും വിജയം. ചണ്ഡീഗഡിലെ ആദ്യ മത്സരത്തിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു പഞ്ചാബ് കിംഗ്സിനെ ഏഴ് വിക്കറ്റിനും മുംബൈയിലെ രണ്ടാം മത്സരത്തിൽ മുംബൈ ഇന്ത്യൻസ് 9 വിക്കറ്റിന് ചെന്നൈ സൂപ്പർ കിംഗ്സിനെയുമാണ് പരാജയപ്പെടുത്തിയത്.

ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് ഗുജറാത്ത് ടൈറ്റൻസിനെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് കൊൽക്കത്തയിലെ ഈഡൻ ഗാർഡനിലാണ് മത്സരം.

✪✪✪

പെറുവിലെ ലിമയിൽ ഇന്റർനാഷണൽ ഷൂട്ടിംഗ് സ്പോർട്സ് ഫെഡറേഷൻ ലോകകപ്പിൽ ഇന്ത്യയുടെ രുദ്രാൻഷ് പാട്ടീൽ - ആര്യ ബോർസെ സഖ്യം വെള്ളി മെഡൽ നേടി. ഫൈനലിൽ ഇന്നലെ നോർവീജിയൻ സഖ്യത്തോടാണ് ഇവർ പരാജയപ്പെട്ടത്.

✪✪✪

എറണാകുളം കോതമംഗലത്തിന് സമീപം പോത്താനിക്കാട്ട് താൽക്കാലിക ഫുട്ബോൾ ഗ്യാലറി തകർന്ന് ഇരുപത്തിയഞ്ചോളം പേർക്ക് പരിക്കേറ്റു. ഇന്നലെ രാത്രി ഫൈനൽ മത്സരം തുടങ്ങുന്നതിന് തൊട്ടുമുൻപാണ് ഗ്യാലറി തകർന്നത്. കൂടുതൽപേർ ഗ്യാലറിയിൽ കയറിയതാണ് അപകടത്തിന് ഇടയാക്കിയതെന്നാണ് പ്രാഥമികവിവരം.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ ലഹരി മുക്ത നവകേരളം പദ്ധതിയുടെ ഭാഗമായി പൊതു വിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കുന്ന, ഫുട്ബോൾ പരിശീലന ക്യാമ്പുകളുടെ ഔദ്യോഗിക ഉദ്ഘാടനം, ഇന്ന് നടക്കും. തൈക്കാട് ഗവൺമെന്റ് മോഡൽ ബോയ്സ് ഹയർ സെക്കണ്ടറി സ്കൂളിൽ മന്ത്രി V. ശിവൻകുട്ടി ഉദ്ഘാടനം ചെയ്യും. തിരുവനന്തപുരം ജില്ലയിലെ 10 വിദ്യാലയങ്ങളിലാണ് ക്യാമ്പ്.

✪✪✪

പുതിയ തലമുറയുടെ ആയുസും ആരോഗ്യവും കവരുന്ന ലഹരിക്കെതിരെ കായിക ലഹരിയെന്ന മുദ്രാവാക്യം കൂട്ടായ്മകൾ ഏറ്റെടുക്കണമെന്ന് സംസ്ഥാന സ്പോർട്സ് കൗൺസിൽ പ്രസിഡന്റും മുൻ ഇന്ത്യൻ ഫുട്ബോൾ ടീം ക്യാപ്റ്റനുമായ U ഷറഫലി ആവശ്യപ്പെട്ടു. കോഴിക്കോട് കൊമ്മേരിയിൽ ഒളിമ്പ്യൻ റഹ്മാൻ ഫുട്ബോൾ അക്കാദമി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

വോളിബോളും ക്രിക്കറ്റും, സംഗീതവും, സാഹിത്യവും മനസിൽ നിറയുമ്പോൾ അതിനപ്പുറം മറ്റൊരു ലഹരിയില്ലെന്ന് കുട്ടികൾ തിരിച്ചറിയുമെന്ന് ഷറഫലി പറഞ്ഞു.

✪✪✪

കോഴിക്കോട് ജില്ലാ E-ഡിവിഷൻ ലീഗ് ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ മലബാർ ക്രിസ്ത്യൻ കോളേജ് - സീക്വീൻ കാലിക്കറ്റ് സോക്കർ മത്സരം ഗോൾരഹിത സമനിലയിൽ പിരിഞ്ഞു.

രണ്ടാം മത്സരത്തിൽ വിസ്ഡം സ്പോർട്സ് അക്കാദമി MGM ഈങ്ങാപ്പുഴയെ ഒരു ഗോളിന് തോൽപ്പിച്ചു.

✪✪✪

സംസ്ഥാനത്ത് വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കാൻ തെരഞ്ഞെടുപ്പ് കമ്മീഷൻ ഏർപ്പെടുത്തിയ അപ്പീൽ സമയപരിധി അവസാനിച്ചപ്പോൾ പരാതികൾ ഒന്നും ലഭിച്ചില്ല. സംസ്ഥാനത്തെ മുഴുവൻ

ബൂത്തുകളിലും പ്രസിദ്ധീകരിച്ച വോട്ടർപട്ടികയെ കുറിച്ച് രാഷ്ട്രീയപാർട്ടികളോ, വോട്ടർമാരോ ഒരു പരാതിപോലും ഉന്നയിച്ചില്ല.

നിലമ്പൂർ ഉപതിരിഞ്ഞെടുപ്പിന്റെ അന്തിമ വോട്ടർപട്ടിക മെയ് അഞ്ചിന് കമ്മീഷൻ പ്രസിദ്ധീകരിക്കും.

✪✪✪

മയക്കുമരുന്ന് കേസിൽ അറസ്റ്റിലായ നടൻ ഷൈൻ ടോം ചാക്കോക്കെതിരായ നടപടി ചർച്ച ചെയ്യാൻ ഫിലിം ചേംബർ കമ്മിറ്റി ഇന്ന് കൊച്ചിയിൽ യോഗം ചേരും. സിനിമയിൽ നിന്ന് മാറ്റി നിർത്തുന്നതുൾപ്പെടെ നടപടികൾ യോഗം ചർച്ച ചെയ്തേക്കും.

✪✪✪

ആശാവർക്കർമാരുടെ രാപ്പകൽസമരം 71-ാം ദിവസത്തിലേക്ക് കടന്നു. നിരാഹാര സമരം ഇന്ന് 33-ാം ദിവസത്തിലേക്കും പ്രവേശിച്ചു.ഇന്ന് നാലാം ഘട്ട സമരം പ്രഖ്യാപിക്കും.

✪✪✪

കോഴിക്കോട് ഇരിങ്ങാടൻപള്ളിക്കു സമീപം അഞ്ചു കിലോയിലേറെ കഞ്ചാവുമായി പിടികൂടിയ പ്രതി കല്ലായി സ്വദേശി നജീബിന് വടകര NDPS കോടതി മൂന്നു വർഷം കഠിനതടവും 20,000 രൂപ പിഴയും ശിക്ഷ വിധിച്ചു. 2019 ലാണ് ഇയാളെ അറസ്റ്റു ചെയ്തത്. പ്രതിയെ തവനൂർ സെൻട്രൽ ജയിലിലേക്ക് മാറ്റി.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ നാലാം വാർഷികാഘോഷത്തിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിലെ തദ്ദേശസ്ഥാപനങ്ങളിൽ 'വികസന വരകൾ' എന്ന പേരിൽ ചിത്രരചനാ മത്സരം സംഘടിപ്പിക്കും. 23 മുതൽ 27 വരെയാണ് ഗ്രാമപഞ്ചായത്തുകളിലെയും നഗരസഭകളിലെയും മത്സരം.

✪✪✪

---

*News Editor: ചന്ദ്രബാബു*
*News Reader: അനിൽ ചന്ദ്രൻ*
*News Team: രജ്ന കെ ആസാദ്*
*DEO: ഷീബ*